# 'കിറ്റ-2009' പ്രസംഗപരമ്പര ഉദ്ഘാടനം ചെയ്തു

ബിനോയി സെബാസ്റ്റ്യൻ

Story Dated: Tuesday, August 18, 2009 3:13 hrs IST

ന്യൂയോർക്ക്: കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ, രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ വച്ചു നടത്തുന്ന പ്രസം ഗപരമ്പര കിറ്റ– 2009 ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ചെയർമാനും യുഎൻഒ പെൻഷൻ ഫണ്ട് ജോയിന്റ് സ്റ്റാഫ് അം ഗവുമായ ജോർജ് ഏബ്രഹാമാണ് ഉദ്ഘാടനം നിർവഹിച്ചത്. അമേരിക്കയിൽ ഐടി മേഖലയിൽ പ്രവർത്തിക്കുന്നവർ കേര ളത്തിന്റെ വ്യവസായ വികസനത്തിനു നൽകുന്ന സംഭാവനകൾ പ്രശം സനീയമാണെന്ന് ജോർജ് ഏബ്രഹാം പറഞ്ഞു.

രാഗി തോമസ് (ഐടി സൊല്യൂഷൻസ്), പ്രകാശ് അഡ്വാനി, (കാനേനിക്കൽ സെൻട്രൽ ഏഷ്യ), ആന്റണി സത്യദാസ് (മാർക്കറ്റിങ് സ്ട്രാറ്റജിസ്റ്റ്, ഐബിഎം), മിനി ഉള്ളനാട്ട്, (സിഎസ്ഐ റീജിനൽ ബ്രാഞ്ച് കോ– ഓർഡിനേറ്റർ), ബിജു ഏബ്രഹാം (എച്ച്ഒഡി, സിഎസ് ഡിപ്പാർട്ട്മെന്റ്) തുടങ്ങിയ വിദഗ്ധർ പങ്കെടുത്തു. ഒരു വ്യവസായമെന്ന നിലയിൽ ഐടി മേഖലയ്ക്കു കേരളത്തിൽ വളരുവാനുള്ള സാധ്യതകൾ വളരെയാണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു സത്യദാസ് പറഞ്ഞു.